DESPATCHED On 15/12/21

29/11/21



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2561603, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No.991(4)/*2021/എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നം.7488/*എസ്.ഐ.സി–ജി 2/2021*)**
**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. രാജേന്ദ്രൻ. കെ,
സെക്രട്ടറി, AR(S)RA,
ശ്രീരാഗം AR(S)RA No.86,
അശോക റോഡ്, കലൂർ പി.ഒ,
കൊച്ചി- 682 017.

അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
ടൗൺ പ്ലാനിംഗ് വിഭാഗം,
കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ,
ഇടപ്പള്ളി മേഖല കാര്യാലയം,
കൊച്ചി നഗരസഭ.

2. അപ്പീൽ അധികാരി &
എക്സിക്യൂട്ടീവ് എഞ്ചിനീയർ,
ടൗൺ പ്ലാനിംഗ് വിഭാഗം,
കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ,
ഇടപ്പള്ളി മേഖല കാര്യാലയം,
കൊച്ചി നഗരസഭ.

എതിർകക്ഷികൾ

**ഉത്തരവ്**

അപ്പീൽ ഹർജിക്കാരൻ കലൂർ അശോക റോഡിൽ ഗ്രീൻ പബ്ലിക് സ്കൂളിന് സമീപം, കോൺഫിഡന്റ് ഗ്രൂപ്പ് നിർമ്മിക്കുന്ന ബഹുനില ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണ അനുമതിയുമായി ബന്ധപ്പെട്ട വിവരങ്ങളും രേഖകളും ആവശ്യപ്പെട്ടിട്ട് വ്യക്തമായ മറുപടി ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 17.11.2021 ൽ എറണാകുളം ടൗൺ ഹാളിൽ ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരനും ഒന്നാം എതിർകക്ഷിയും ഹിയറിംഗിൽ പങ്കെടുത്തു. വിവരാവകാശ അപേക്ഷയ്ക്ക് 15 ദിവസം വൈകിയാണ് മറുപടി നൽകിയതെന്നും, കെട്ടിട നിർമ്മാണത്തിന്റെ പൈലിംഗ് സംബന്ധിച്ച വിശദാംശങ്ങൾ അടക്കമുള്ള പകർപ്പുകൾ നൽകിയില്ലെന്നും, രണ്ടാം എതിർകക്ഷി 08.09.2021 ൽ കമ്മീഷന് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭിച്ചില്ലെന്നും അപ്പീൽ ഹർജിക്കാരൻ ഹിയറിംഗിൽ പരാതിപ്പെട്ടു.

3. എന്നാൽ അപ്പീൽ ഹർജിക്കാരന്റെ 04.01.2021 ലെ വിവരാവകാശ അപേക്ഷയ്ക്ക് 02.02.20201 ൽ മറുപടി നൽകിയതാണെന്നും, 05.02.2021 ലെ ഒന്നാം അപ്പീലിന് 26.02.2021 ൽ മറുപടി നൽകിയിട്ടുള്ളതാണെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു. 08.09.2021 ൽ കമ്മീഷന് നൽകിയ റിപ്പോർട്ടിന്റെ പകർപ്പും അപ്പീൽ ഹർജിക്കാരന് നൽകിയിട്ടുള്ളതാണെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു. സംസ്ഥാന വിവരാവകാശ കമ്മീഷന്റെ AP 479(3)/2015/Sic ഉത്തരവിന്റെ വെളിച്ചത്തിലാണ് ബിൽഡിംഗ് പ്ലാനും ആധാരത്തിന്റെ പകർപ്പും നൽകാൻ നിർവാഹമില്ലെന്ന് അറിയിച്ചതെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു.

4. ഇരുകക്ഷികളുടെയും മൊഴികളും അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. 04.01.2021 ലെ അപേക്ഷ പ്രകാരം നൽകുന്ന പകർപ്പുകൾക്ക് ഫീസ് അടയ്ക്കാൻ ഒന്നാം എതിർകക്ഷി നിർദ്ദേശിച്ചിരിക്കുന്നത് 02.02.2021 ലെ മറുപടി മുഖേനയാണ്. ഇത് ശരിയായ

നടപടിയല്ല. കാരണം അപേക്ഷ സമർപ്പിച്ച് വിവരങ്ങളും പകർപ്പുകളും അപേക്ഷകന് ലഭ്യമാക്കേണ്ട പരമാവധി സമയമാണ് 30 ദിവസം. ഇവിടെ ഒന്നാം എതിർകക്ഷി 30 ദിവസം ആകാറാവുന്ന ഘട്ടത്തിലാണ് ഫീസടയ്ക്കാൻ ആവശ്യപ്പെട്ടിട്ടുള്ളത്. എന്നുപറഞ്ഞാൽ, ഫീസടച്ച് പകർപ്പുകൾ ലഭ്യമാക്കുമ്പോൾ 30 ദിവസം കഴിഞ്ഞിരിക്കും. ഇത് അനുവദനീയമല്ല. അതുപോലെ ബിൽഡിംഗ് പ്ലാനും മറ്റും നൽകേണ്ടതില്ല എന്ന വിവരാവകാശ കമ്മീഷന്റെ മുൻ ഉത്തരവ് ചൂണ്ടിക്കാട്ടി ഇപ്പോൾ അത് നിഷേധിക്കാനും കഴിയുന്നതല്ല. കാരണം Ferani Hotels Pvt. Ltd Vs. the State of Information Commission dated 27.09.2018 എന്ന കേസ് പ്രകാരം ഫ്ലാറ്റുകളും കെട്ടിടങ്ങളും നൽകുന്ന ബിൽഡർമാർ അവ നിർമ്മിക്കുന്ന കേന്ദ്രങ്ങളിൽ പൊതുജനങ്ങൾ കാൺകെ കെട്ടിടത്തിന്റെ സ്കെച്ചും പ്ലാനും ഒക്കെ പ്രദർശിപ്പിക്കണമെന്നുള്ളതാണ്. അതുകൊണ്ടുതന്നെ ഇത് വിവരാവകാശ നിയമപ്രകാരം നൽകേണ്ടതും ആണ്.

5. ഇതെല്ലാം പരിഗണിച്ച് വിവരാവകാശ അപേക്ഷയ്ക്കുള്ള മറുപടി അതിനുള്ള സമയപരിധി കഴിയാറായ ഘട്ടത്തിൽ തയ്യാറാക്കി അയച്ചതുമൂലം ഇത് വൈകി എന്ന അപ്പീൽ ഹർജിക്കാരന്റെ വാദം വസ്തുതാപരമാണ്. അതുപോലെ പകർപ്പ് ഫീസ് അടയ്ക്കാൻ, മറുപടിക്കുള്ള സമയപരിധി അവസാനിക്കുന്ന ഘട്ടത്തിൽ മാത്രം പറഞ്ഞതും ശരിയായ നടപടിയല്ല. കെട്ടിടത്തിന്റെ സ്കെച്ചും പ്ലാനും ഒക്കെ നൽകാതിരുന്നത് കമ്മീഷന്റെ തന്നെ മുൻ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് എന്നതുകൊണ്ട്, അത് കുറ്റകരമായ നടപടിയായി തൽക്കാലം കമ്മീഷൻ കാണുന്നില്ല. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളിലും രേഖകളിലും വിപുലമായ ഒരു പൊതു താൽപ്പര്യം കൂടി അടങ്ങിയിട്ടുള്ളതായി കമ്മീഷൻ നിരീക്ഷിക്കുന്നു. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ, കമ്മീഷൻ താഴെ പറയുംപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളുടെ പകർപ്പുകളും പൂർണ്ണമായും സൗജന്യമായി ടിയാന് നൽകേണ്ടതാണ്. ഒപ്പം, ഇവ നൽകുന്നതിൽ കാലതാമസം

വരുത്തിയതിന് നടപിയെടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ ആയതും ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ കമ്മീഷന് നൽകേണ്ടതാണ്.

മേൽപ്പറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ ഇന്നേദിവസം 29.11.2021 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re